സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# പ്രതിബദ്ധതയുടെ കഥാകാരൻ

ദീപ എ.കെ.*



**സംഗ്രഹം**

മലയാളകഥാസാഹിത്യത്തിന്റെ നവോത്ഥാനദശയുടെ രണ്ടാമത്തെ ഘട്ടമായ സുവർണയുഗത്തിലെ ശ്രദ്ധേയനായ കഥാകൃത്താണ് പൊൻകുന്നം വർക്കി. പ്രസ്തുത കാലഘട്ടത്തിലെ മറ്റു കഥാകൃത്തുക്കളിൽ നിന്നും വ്യത്യസ്തമായി, ഏറ്റവും കൂടുതൽ സാമൂഹികാംശം നിഴലിക്കുന്ന കഥകൾ വർക്കിയുടേതാണ്. 'തിരുമുൽക്കാഴ്ച' എന്ന ഗദ്യകവിതാസമാഹാരവുമായാണ് വർക്കി മലയാളസാഹിത്യത്തിൽ രംഗപ്രവേശം ചെയ്തത്. പിന്നീട് തനിക്ക് ഉപയുക്തമായ മാധ്യമം ചെറുകഥയാണെന്ന് മനസ്സിലാക്കിയ അദ്ദേഹം കഥാരചനയിലേക്ക് ശ്രദ്ധപതിപ്പിച്ചു. സാമൂഹ്യപരിഷ്ക്കരണം എന്ന ലക്ഷ്യത്തോടെ സാമ്പത്തികവും മതപരവും ആയ മണ്ഡലങ്ങളിലെ അനീതികൾക്കും അക്രമങ്ങൾക്കും എതിരെ തന്റെ രചനകളിലൂടെ അദ്ദേഹം ശബ്ദമുയർത്തി. തന്റെ കഥകളിൽ സാമൂഹികജീർണതകൾ ചിത്രീകരിക്കുന്നതോടൊപ്പം തന്നെ അദ്ധ്വാനശീലരായ കൃഷിക്കാരുടെ ജീവിതദുരിതങ്ങളും സത്യസന്ധമായി ആവിഷ്കരിക്കാൻ അദ്ദേഹം ശ്രമിച്ചു.

**താക്കോൽ വാക്കുകൾ:** നവോത്ഥാനം - സുവർണയുഗം - സാമൂഹികാംശം- ഉപയുക്തം- സാമൂഹികജീർണതകൾ- മാധ്യമം - ജീവിതദുരിതങ്ങൾ

കഥയുടെ ഇതിവൃത്തഘടനക്കുള്ളിൽ പ്രതിഷേധത്തിന്റെ വിത്തുകൾ നിക്ഷേപിച്ച്, സമൂഹവേദനകളും മാനസികമൂല്യങ്ങളും ഉൾക്കൊണ്ട് കാലാതീതമായ കാഴ്ചപ്പാടോടെ സാഹിത്യരചന നടത്തിയ കഥാകൃത്താണ് പൊൻകുന്നം വർക്കി. ഏകാധിപത്യഭരണത്തിനെതിരെ പ്രതികരിക്കുമ്പോൾ സ്വന്തം നിലനിൽപ് വർക്കിക്ക് പ്രശ്നമായിരുന്നില്ല. ജീവിതത്തിലും സാഹിത്യരചനയിലും ആരെയും ഭയക്കാത്ത വ്യക്തിയായിരുന്നു അദ്ദേഹം. അത്തരമൊരു നിലപാട് അദ്ദേഹത്തിന് പ്രത്യേകമായ ഒരു വ്യക്തിത്വം നൽകി.

സമൂഹത്തിലെ അനീതികളും അക്രമങ്ങളും കണ്ട് പ്രക്ഷുബ്ധമായ മനസ്സായിരുന്നു വർക്കിയുടേത്. അന്നത്തെ ഗവൺമെന്റിനോടും ചൂഷണം നടത്തിയിരുന്ന ജൻമി-മേലാള വർഗത്തിനോടും അദ്ദേഹം കടുത്ത എതിർപ്പ് പ്രകടിപ്പിച്ചു. ഈ സാമൂഹികവീക്ഷണമാണ് സാധാരണ മനുഷ്യരുടെ കഥകൾ എഴുതുവാൻ വർക്കിയെ പ്രേരിപ്പിച്ചത്. കർഷകനും തൊഴിലാളിയും മാത്രമല്ല തെണ്ടിയും കള്ളനും വ്യഭിചാരിയുമെല്ലാം അദ്ദേഹത്തിന്റെ കഥകളിലെ കഥാപാത്രങ്ങളായി.

വർക്കി തന്റെ 'ഹൃദയനാദം' എന്ന സമാഹാരത്തിൽ മുഖവുരയായി ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്: 'മർദ്ദനം, ചൂഷണം, വഞ്ചന, സ്നേഹാഭാസം, എന്നിതുകളിൽ നിസ്സഹായനായി കഴിയുന്ന സഹജാതരുടെ ആർത്തനാദം

* ഗവേഷക, മലയാള വിഭാഗം, സെന്റ് തോമസ് കോളജ്, പാലാ. Email: deepapradosh46@gmail.com

 ISSN No: 3049-0316 

കേൾക്കുമ്പോൾ എന്റെ മനുഷ്യത്വം പരവശമായിത്തീരുന്നു. ആ വേദന കണ്ടു ഞാൻ തളരുന്നു. ആ അനീതി കണ്ടു ഞാൻ ഞെട്ടുന്നു'. ഇങ്ങനെ നിസ്സഹായരായ മനുഷ്യർക്കു വേണ്ടിയാണ് വർക്കി രചന നടത്തിയത്. വർക്കിയുടെ ഓരോ കഥയും അദ്ദേഹത്തിന്റെ ജീവിതം പോലെ തന്നെ സൂക്ഷ്മമായിരുന്നു. ലളിതമായ ഭാഷയിൽ യാഥാർത്ഥ്യത്തെ ചിത്രീകരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. അന്തിത്തിരി, അണിയറ, നാട്ടുവെളിച്ചം, ഏഴകൾ, ഇടിവണ്ടി, പൊട്ടിയ ഇഴകൾ, ജയിലിൽ നിന്ന്, എന്നീ അദ്ദേഹത്തിന്റെ ആദ്യകാലകഥാസമാഹാരങ്ങളിൽ സമൂഹത്തിലെ അനീതികൾക്കും അക്രമങ്ങൾക്കും എതിരെയുള്ള ശബ്ദം കേൾക്കാം.

വർക്കിയുടെ ആദ്യകഥ 'ദാമിനി' ആണെങ്കിലും ശ്രദ്ധേയമായിത്തീർന്ന ചെറുകഥ 'വിരുന്നുകാരി' ആണ്. നിത്യദാരിദ്ര്യത്താൽ നരകിച്ച ഒരു വൃദ്ധൻ ഗതികേടുകൊണ്ട് ആത്മഹത്യക്ക് ഒരുമ്പെടുന്നു. ആറു പെൺമക്കളും ഒരാൺകുട്ടിയുമാണ് അയാൾക്കുള്ളത്. അയാൾ വിഷം കൊടുത്ത് നായയെ കൊന്നു. മക്കളെ വിളിച്ചപ്പോൾ ചിലർ ഓടിപ്പോയി. കലിയിളകിയ വൃദ്ധൻ വീടിനു തീവെക്കുകയും കുട്ടികളെ മുഴുവൻ അടിച്ചോടിക്കുകയും ചെയ്യുന്നു. ആളുകൾ അയാളെ ഭ്രാന്തനെന്ന് വിളിച്ചു. പക്ഷേ ആ ഭ്രാന്തന് വിളിച്ചുപറഞ്ഞ ആൾക്കാരെക്കാൾ സ്ഥിരബുദ്ധി ഉണ്ടായിരുന്നു. സമൂഹത്തിന്റെ ദുഷിച്ച വ്യവസ്ഥിതിയിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ നിസ്സഹായനായ മനുഷ്യന്റെ ചിത്രമാണ് 'വിരുന്നുകാരി' എന്ന കഥയിലൂടെ വർക്കി വരച്ചുകാട്ടുന്നത്.

ജനിച്ചു വളർന്ന സാഹചര്യവും പരിതഃസ്ഥിതിയും വർക്കിയെ വളരെയധികം സ്വാധീനിച്ചിരുന്നു. കൃഷിക്കാരന്റെ വേദനകളും പ്രതീക്ഷകളും കണ്ടറിഞ്ഞുകൊണ്ടാണ് അദ്ദേഹം വളർന്നത്. അതുകൊണ്ട് കാർഷിക ജീവിതത്തിന്റെ പ്രശ്നസങ്കീർണതകളിലൂടെ രൂപം കൊള്ളുന്ന ഇതിവൃത്തഘടന വർക്കിയുടെ കഥകളുടെ പൊതുസ്വഭാവം ആയി.

കാർഷികാനുഭവങ്ങളും മിണ്ടാപ്രാണികളോട് പോലും കർഷകർ പുലർത്തുന്ന സ്നേഹത്തിന്റെ ഊഷ്മളതയും കൂടിക്കലർന്ന കഥയാണ് 'ശബ്ദിക്കുന്ന കലപ്പ'. മനുഷ്യനും മൃഗവും തമ്മിലുള്ള ആർദ്രമായ ബന്ധത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യന്റെ ധർമസങ്കടങ്ങളും കർഷകജീവിതത്തിന്റെ ദുരിതവും സ്ത്രീധനം പോലുള്ള സാമൂഹികാനീതികളുടെ കെടുതിയും 'ശബ്ദിക്കുന്ന കലപ്പ' വെളിപ്പെടുത്തുന്നു. കർഷകനായ ഔസേപ്പിന്റെയും കണ്ണനെന്ന കാളയുടെയും സാത്മീകരണമാണ് 'ശബ്ദിക്കുന്ന കലപ്പ'യിലെ സാമൂഹികതലം സൃഷ്ടിക്കുന്നത്.

ദാരിദ്ര്യം കൊണ്ട് വീർപ്പുമുട്ടിയ ഔസേപ്പ്ചേട്ടന് പന്ത്രണ്ട് വർഷത്തോളം സ്വന്തം മകനെപ്പോലെ വളർത്തിയ കണ്ണനെ വിൽക്കേണ്ടിവരുന്നു. കുറെനാൾ കഴിഞ്ഞ് മകളെ പ്രസവശേഷം ഭർതൃഗൃഹത്തിലേക്കയക്കാൻ സാധനങ്ങൾ വാങ്ങുന്നതിനായി ഭാര്യ മറിയാമ്മ ചിട്ടി പിടിച്ച പണം ഔസേപ്പുചേട്ടന് നൽകുന്നു. ആ പണം കൊണ്ട് ചന്തയിലേക്ക് പോയ ഔസേപ്പുചേട്ടൻ യാദൃച്ഛികമായി അറവിനുവേണ്ടി കെട്ടിയിട്ടിരിക്കുന്ന കണ്ണനെ കാണുന്നു. അയാൾ മറ്റൊന്നും ആലോചിക്കാതെ കൈയ്യിലിരുന്ന പണം കൊടുത്ത് കണ്ണനെ വാങ്ങി. വീട്ടിലെത്തിയപ്പോൾ ഭാര്യയും മകളും അയാളോട് പിണങ്ങി ബഹളം വെച്ചു. മകൾ കത്രീന കണ്ണീരോടു കൂടി പറഞ്ഞു:

'അപ്പാ! അപ്പനെന്നോട് ഇത് ചെയ്യുമെന്ന് ഒരിക്കലും ഞാൻ വിചാരിച്ചില്ല' ....

ഇടറിയ സ്വരത്തിൽ ആ പിതാവ് പറഞ്ഞു:

'മോളേ ഇനിക്ക് നിന്നെപ്പോലെ അവനും. കശാപ്പുകാരൻ'...........

അതു മുഴുമിപ്പിക്കാൻ അയാൾക്കു സാധിച്ചില്ല. അന്നുരാത്രി കണ്ണൻ ഈ ലോകം വിട്ടുപോയി. തന്നെച്ചൊല്ലി ആ കുടുംബം വേദനിക്കുന്നതു കാണാതിരിക്കാനാകും അവൻ ഈ ലോകം ഉപേക്ഷിച്ചുപോയത്. ദാരിദ്ര്യത്തിൽ പെട്ടുഴലുന്ന കർഷകന്റെ സിസ്സഹായതയുടെ കഥയാണ് 'ശബ്ദിക്കുന്ന കലപ്പ'. തന്റെ വീട്ടുമൃഗത്തെ സ്വന്തം മകളെപ്പോലെ സ്നേഹിക്കുന്ന 'ഔസേപ്പ്' എന്ന കഥാപാത്രം ഹൃദയത്തിന്റെ അഗാധതലങ്ങളിൽപോലും മുറിവുണ്ടാക്കുന്നു. 'ശബ്ദിക്കുന്ന കലപ്പ' യിൽ നിഴലിക്കുന്ന ദുഃഖത്തിന്റെ തീവ്രത എം.എം. ബഷീർ ചൂണ്ടിക്കാട്ടുന്നുണ്ട്: 'ഒരു യഥാർത്ഥകർഷകന്റെ ഉള്ളുരുക്കത്തിന്റെ കഥയാണ് 'ശബ്ദിക്കുന്ന കലപ്പ'. ആ കലപ്പയ്ക്ക് പോലും അതുകണ്ട് മനമിളകിയതായിട്ടാണ് കഥാകൃത്ത് സൂചിപ്പിക്കുന്നത്. 'കണ്ണന്റെ മൃതദേഹത്തിനും വേദനിക്കുന്ന ആ കൃഷിക്കാരന്റെ ഹൃദയത്തിനും മുകളിൽ ആ ചുക്കിലി പിടിച്ച കലപ്പയിലിരുന്ന് ഒരു പല്ലി എന്തൊക്കെയോ ചിലച്ചു'.

വർക്കിയുടെ ശ്രദ്ധേയമായ മറ്റൊരു കഥയാണ് 'വിത്തുകാള'. കിട്ടുമൂപ്പരുടെ പ്രധാന വരുമാനമാർഗം വിത്തുകാളയാണ്. എല്ലാംകണ്ട് വീർപ്പുമുട്ടികഴിയുന്ന മകൾ എച്ചുമിയെ അയാൾ ശ്രദ്ധിച്ചതേയില്ല. ഒരു ദിവസം വിത്തുകാള കയറും പൊട്ടിച്ച് പോയി. അയാൾ അതിനെ അന്വേഷിച്ച് തിരികെ കൊണ്ടുവന്നപ്പോൾ മകൾ എച്ചുമി കാമുകന്റെ കൂടെ പോയിരുന്നു. ഈ കഥയിൽ വൃദ്ധന്റെ പങ്കപ്പാടുകളും എച്ചുമിയുടെ വൈകാരികമായ പിരിമുറുക്കങ്ങളും വർക്കി യാഥാർത്ഥ്യബോധത്തോടെ ചിത്രീകരിച്ചിരിക്കുന്നു.

വർക്കിയുടെ പ്രതിഭയ്ക്ക് ഒരു മകുടോദാഹരണമാണ് 'ആ വാഴവെട്ട്'എന്ന കഥ. പാശ്ചാത്യരാജ്യങ്ങളിൽ കൃഷിചെടികൾക്കും വൃക്ഷങ്ങൾക്കും സാംക്രമികരോഗങ്ങൾ ബാധിക്കുമ്പോൾ അവിടുത്തെ ശാസ്ത്രജ്ഞരും സാങ്കേതിക വകുപ്പുകാരും രോഗം ചെറുത്തുനിൽക്കാൻ ശേഷിയുള്ള വൃക്ഷങ്ങളെയും ചെടികളെയും 'ക്രോസിങ്', ഹൈബ്രിഡൈസേഷൻ എന്നീ ശാസ്ത്രീയ പ്രയോഗങ്ങൾ വഴി സൃഷ്ടിച്ച് കർഷകർക്ക് വിതരണം ചെയ്യുകയാണ് ചെയ്തുവരുന്നത്. ഭാരതീയർ ഇത്തരം സൃഷ്ടികൾ നടത്താതെ ദൈവത്തോടു ലൈസൻസു വാങ്ങി രോഗം ബാധിച്ചവയായാലും അല്ലാത്തവയായാലും ശരി, കണ്ണിൽ കണ്ട സകല ചെടികളെയും വെട്ടിക്കളയുന്നു. ഇവിടുത്തെ വാഴകളെ ബഞ്ചിടോപ്പ് എന്ന സാംക്രമിക രോഗം ബാധിച്ചപ്പോൾ ഈ രോഗത്തെ സംബന്ധിച്ച നടത്തിവരുന്ന ശാസ്ത്രീയ ഗവേഷണങ്ങളെപ്പറ്റി ചിന്തിക്കാതെ സാധുകർഷകരുടെ വാഴകളെല്ലാം കണ്ടമാനം വെട്ടിക്കളയുവാൻ കൃഷിവകുപ്പുകാർ തുനിയുന്നു. അതുമൂലം ഉണ്ടായ ദുരിതങ്ങളെ വളരെ ഹൃദയസ്പൃക്കായ രീതിയിൽ വർക്കി 'ആ വാഴവെട്ട്'എന്ന കഥയിൽ ചിത്രീകരിച്ചിരിക്കുന്നു. ഇന്നത്തെ കേരളത്തിലെ ഒരു കർഷകൻ ശാശ്വതമായി അനുഭവിച്ചുവരുന്ന സങ്കടങ്ങളുടെയും ആകസ്മികമായിട്ടുള്ള ആഹാരസാധനദൗർല്ലഭ്യത്തിൽ നിന്നനുഭവിക്കുന്ന കഷ്ടപ്പാടുകളുടെയും ഒരു ചിത്രം ഈ കഥയിൽ അദ്ദേഹം ഭംഗിയായി വരച്ചിരിക്കുന്നു.

കൃഷിഭൂമിയും കർഷകനും തമ്മിലുള്ള ബന്ധത്തിന്റെ ദൃഢത വെളിപ്പെടുത്തുന്നതാണ് വർക്കിയുടെ കർഷകരെ കുറിച്ചുള്ള കഥകൾ. അദ്ധ്വാന ശാലിയായ കർഷകന്റെ മഹത്വം അത് വിളിച്ചോതുന്നു. കർഷകന്റെ അദ്ധ്വാനത്തെയും മണ്ണിനെയും കുറിച്ചെഴുതുവാൻ വർക്കിയ്ക്ക് പ്രത്യേക കഴിവുണ്ടായിരുന്നു. അച്ഛൻ കൊമ്പത്തേ, ചാത്തന്റെ മകൾ എന്നിവയും അദ്ദേഹത്തിന്റെ മികച്ച കർഷകകഥകളാണ്.

പരിചിതമായ ജീവിതാന്തരീക്ഷത്തിൽ നിന്നാണ് വർക്കി കഥാരചന നടത്തിയിരുന്നത്. പൊള്ളുന്ന യാഥാർത്ഥ്യങ്ങളുടെയും അനീതികളുടെയും സമൂഹനോവറിഞ്ഞാണ് അദ്ദേഹം വളർന്നുവന്നത്. അതുകൊണ്ടാണ് 'ഞാൻ കഥാകാരനാവുകയല്ല, എന്നെ കഥാകാരനാക്കുകയാണ് ചെയ്തത്'എന്ന് അദ്ദേഹം പറഞ്ഞത്. സ്വന്തം രചനകളിലൂടെ അദ്ദേഹം നമ്മുടെ ദേശത്തിന്റെയും സമൂഹത്തിന്റെയും വക്താവായിരുന്നു. അതിന് പ്രചോദനമായത് അദ്ദേഹത്തിന്റെ മനസ്സിന്റെ ഉള്ളറകളിലെ മനുഷ്യസ്നേഹമായിരുന്നു.

ഉജ്ജ്വലമായ ഭാഷാശൈലി വർക്കിയുടെ കഥകളുടെ മുഖ്യഗുണമായിരുന്നു. ആ കാലഘട്ടത്തിലെ മറ്റു കഥാകൃത്തുക്കളുടെ കഥകളെക്കാളേറെ അധികാരവർഗത്തെയും സ്ഥാപിതതാൽപര്യക്കാരെയും വിറകൊള്ളിച്ചത് വർക്കിയുടെ സാഹിത്യസൃഷ്ടികളാണ്. അദ്ദേഹത്തിന്റെ ഭാഷാശൈലി തന്നെയാണ് അതിന് കാരണം. ഉദ്ദേശിച്ചിടത്ത് തറച്ചുകൊള്ളാൻ കെൽപ്പുള്ളതാണ് ആ ഭാഷ. തന്റെ സാഹിത്യരചന കൊണ്ട് മലയാളസാഹിത്യലോകത്ത് പ്രത്യേകമായൊരു സ്ഥാനം നേടാൻ വർക്കിക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് ശ്രദ്ധേയമായ കാര്യമാണ്.

## ഗ്രന്ഥസൂചി


1. ദിലീപ് എം.എസ്., വർക്കിയുടെ വെളിപാടുകൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 2000.
2. രമേഷ് ചന്ദ്രൻ വി, പൊൻകുന്നം വർക്കിയുടെ കഥകൾ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 1969.
3. ബഷീർ എം.എം. മലയാളചെറുകഥാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 2002.
4. വർക്കി പൊൻകുന്നം, ശബ്ദിക്കുന്ന കലപ്പയും മറ്റു പ്രധാന കഥകളും, ഡി.സി. ബുക്സ് കോട്ടയം 2003.
5. അച്യുതൻ എം., ചെറുകഥ ഇന്നലെ ഇന്ന്, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം 1973.
6. ഗോപാലകൃഷ്ണൻ പി.കെ, പുരോഗമനസാഹിത്യപ്രസ്ഥാനം നിഴലും വെളിച്ചവും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1998.